# നമ്മുടെ ഇസ്‌ലാം-6

(കർമ്മാനുഷ്ഠാനങ്ങൾ തുടർച്ച)

സത്യസരണി

# ഹജ്ജ്

ഇസ്ലാമിലെ അഞ്ച് നിർബന്ധ കർമ്മങ്ങളിൽ അഞ്ചാമത്തേതാണ് ഹജ്ജ്. ഹജ്ജ് എന്ന അറബി പദത്തിന്റെ അർത്ഥം സന്ദർശനം എന്നാകുന്നു. ഭൂമിയുടെ നാനാ ഭാഗങ്ങളിൽ നിന്നും അറേബ്യയിലെ മക്കയിലുള്ള കഅ്ബാ ദേവാലയത്തെ സന്ദർശിക്കുവാൻ ജനങ്ങൾ പോകുന്നതിനാലാണ് ഈ കർമ്മത്തിന് ഹജ്ജ് എന്ന നാമം ലഭിച്ചത്. ഇബ്രാഹീം എന്ന പ്രവാചകന്റെ (അമുസ്ലിംകൾ എബ്രഹാം എന്ന് പറയുന്നു) ചരിത്രവുമായി ബന്ധപ്പെട്ടതാണ് ഹജ്ജ് കർമം. സുമാർ നാലായിരത്തിലധികം വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം ഇറാഖിൽ ജനിച്ചു. സൂര്യചന്ദ്ര നക്ഷത്രങ്ങളും മനുഷ്യനിർമ്മിത ബിംബങ്ങളും അവരുടെ ദൈവങ്ങളായിരുന്നു. ഇന്നത്തെ പോലെ അന്നും പുരോഹിതനും പൂജാരിമാരും ഉണ്ടായിരുന്നു. ഈ പുരോഹിത പൂജാരിവർഗം ദൈവങ്ങളുടെ സാമീപ്യം ലഭിച്ചവരാണെന്നും ദൈവങ്ങളുടെ കൃപാ കടാക്ഷത്തിനും കോപശാപങ്ങൾക്കും കാരണക്കാർ ഇവരാണെന്നും ആ പാമര ജനങ്ങൾ വിശ്വസിച്ചിരുന്നു. കൂടാതെ പൂജാരി വർഗവും ഭരണ വർഗവും തമ്മിൽ ചില അവിശുദ്ധ രഹസ്യബന്ധങ്ങൾ ഉണ്ടായിരുന്നു. ജനങ്ങളെ തങ്ങളുടെ അടിമകൾ ആക്കുന്നതിൽ അവർ പരസ്പരം സഹായിച്ചിരുന്നു. ഇങ്ങനെയുള്ള ഈ സമൂഹത്തിൽ ഒരു പൂജാരി

യുടെ പുത്രനായാണ് ഇബ്രാഹീം ജനിച്ചത്. പൂജാരിമാരുടെ ആചാര വിചാരങ്ങൾ തന്നെയാണ് അദ്ദേഹം പരിചയിച്ചത്. എന്നാൽ ഇബ്രാഹീം ഒരു സാധാരണ മനുഷ്യനായിരുന്നില്ല. അദ്ദേഹത്തെ അല്ലാഹു ഒരു പ്രവാചകനായി നിയോഗിച്ചു. സൂര്യ ചന്ദ്ര നക്ഷത്രാതികളും മനുഷ്യ നിർമ്മിത ബിംബങ്ങളും മനുഷ്യർ തന്നെയായ രാജാക്കന്മാരും ദൈവങ്ങളാകാൻ കൊള്ളുകയില്ലെന്നും അവ സ്വന്തമായി കഴിവുകളുള്ളവരോ സർവ്വതന്ത്ര സ്വതന്ത്രരോ അല്ലന്നും ജീവിത മരണങ്ങളുടേയോ ലാഭനഷ്ടങ്ങളുടേയോ രക്ഷാശിക്ഷകളുടേയോ അധികാരികളല്ലന്നും, അവയുടെ മുമ്പിൽ ഭക്തിയാദരവോടെ തലകുനിക്കുന്നത് വിഢ്ഢിത്തമാണന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. അവസാനം അദ്ദേഹം പറഞ്ഞു "നിങ്ങൾ ആരെയെല്ലാം ദിവ്യത്വത്തിൽ പങ്ക് ചേർക്കുന്നുവോ അവരുമായി എനിക്ക് യാതൊരു ബന്ധവുമില്ല". ഈ പ്രഖ്യാപനത്തോടെ പലവിധ ആപത്തുകളും മർദ്ദന പീഢനങ്ങളും ഇബ്രാഹീമിന്ന് അഭിമുഖീകരിക്കേണ്ടിവന്നു. സമുദായവും ഭരണകൂടവും സ്വന്തം പിതാവ് പോലും ശത്രുക്കളായി. എന്നാൽ ഏകനായ ആ മനുഷ്യൻ സത്യത്തെ പുൽകി, സർവ്വത്തോടും മല്ലിട്ടു. നംറൂദ് രാജാവിന്റെ മുഖത്ത് നോക്കി പരസ്യമായി അദ്ദേഹം പറഞ്ഞു. താൻ എന്റെ രക്ഷിതാവല്ല. എന്നേയും തന്നേയും സർവ്വത്തേയും സംരക്ഷിച്ചുവരുന്നവൻ മാത്രമാണ് എന്റെയും നിന്റെയും സർവ്വത്തിന്റെയും രക്ഷിതാവ്. അവസാനം അദ്ദേഹത്തെ കത്തിജ്വലിക്കുന്ന അഗ്നി കുണ്ഡത്തിൽ ജീവനോടെ ദഹിപ്പിച്ചുകളയാൻ രാജാവ് കൽപന പുറപ്പെടുവിച്ചു. പക്ഷേ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി. അതിന്ന് ശേഷം അദ്ദേഹം ഏക ദൈവ വിശ്വാസത്തെ പ്രചരിപ്പിക്കാനായി സിറിയ, ഫലസ്തീൻ, ഈജിപ്ത്, അറേബ്യ മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു. മനുഷ്യരെ സൃഷ്ടികളുടെ അടിമത്വത്തിൽ നിന്ന് സൃഷ്ടാവിന്റെ അടിമത്വത്തിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം മാത്രം. ക്ഷേത്രങ്ങളും പൂജാരിമാരും ദിവ്യത്വവാദികളായ രാജാക്കന്മാരും എല്ലാ നാടുകളിലും ഉണ്ടായിരുന്നു. സർവ്വാധിപതിയായ ഏകദൈവം എന്ന വിശ്വാസം ഇവർക്കു സ്വീകാര്യമാ വുകയില്ലല്ലോ! അതുകൊണ്ടുതന്നെ എവിടെയും അദ്ദേഹത്തിന് സ്വാഗതം ലഭിച്ചില്ല. ഇതിനിടയിൽ അദ്ദേഹം വയോവൃദ്ധനായിമാറി. എന്നാൽ താൻ ഏറ്റെടുത്ത ഈ ദൗത്യം തന്റെ മരണശേഷം ഏറ്റെടുത്തു നടത്താൻ ആരുണ്ട് എന്ന ചിന്ത തന്നെ അലട്ടിക്കൊണ്ടിരുന്നു. ഇതുകൊണ്ട് തന്നെ സന്താനങ്ങൾക്ക് വേണ്ടി അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചുക്കൊണ്ടിരുന്നു. അവസാനം 90 വയസ്സിലെത്തിയ വാർദ്ധക്യത്തിൽ അല്ലാഹു അദ്ദേഹത്തിന് സന്താനങ്ങളെ നൽകി. കഠിന പരീക്ഷണങ്ങൾ വീണ്ടും അദ്ദേഹത്തെ തേടിവന്നു. അരുമ സന്തതിയേയും മാതാവിനേയും ജന ശൂന്യമായ മക്കാ മണൽക്കാട്ടിൽ ഉപേക്ഷിച്ചുപോരാൻ അല്ലാഹു കൽപിച്ചു. അദ്ദേഹം ദൈവകൽപന നിറവേറ്റി. വാവിട്ട് കരയുന്ന പിഞ്ചു പൈതലിനേയും ദുർബല മാതാവിനേയും ഒരിറ്റ് വെള്ളംപോലും ലഭിക്കാത്ത മണൽക്കാട്ടിൽ ഉപേക്ഷിച്ച് പോന്നു. ഒരിറക്ക് വെള്ളത്തിന് വേണ്ടി ആ മാതാവും കുഞ്ഞും വിഷമിച്ചു. തൊണ്ട വരണ്ട കുഞ്ഞിന്റെ മുഖം കണ്ടപ്പോൾ മാതാവിന്റെ മനസ് പിടച്ചു. പരിസരത്തുണ്ടായിരുന്ന സഫാ-മർവ്വാ കുന്നുകൾക്കിടയിൽ ആ മാതാവ് പല പ്രാവശ്യം ഓടി നടന്നു. താമസിയാതെ അല്ലാഹുവിന്റെ സഹായമെത്തി. കുഞ്ഞിന്റെ കാലിൻ ചുവട്ടിൽ നിന്ന് ഒരു നീരുറവ പൊട്ടി ഒഴുകി. ഇന്നും മക്കയിലെ അത്ഭുതഗുണങ്ങളുള്ള സംസം കിണറാണിത്. വാർദ്ധക്യ കാലത്ത് ലഭിച്ച

കുഞ്ഞിനെ കൊതിതീരെ ഓമനിക്കാൻപോലും കിട്ടുന്നതിനു മുമ്പ് ഉപേക്ഷിച്ച് പോവേണ്ടിവന്ന പിതാവ് വർഷങ്ങൾക്ക് ശേഷം കുഞ്ഞിനെ സമീപിക്കുന്നത് മറ്റൊരു കഠിന പരീക്ഷാണർത്ഥമാണ്. തന്റെ ആദ്യ പുത്രനായ ഈ കുഞ്ഞിനെ ദൈവത്തിന് ബലിയർപ്പിക്കാനുള്ള മനക്കരുത്തും ദൈവവിശ്വാസവും അദ്ദേഹത്തിന് ഉണ്ടോ. എന്ന പരീക്ഷണമായിരുന്നു അത്. അല്ലാഹുവിന്റെ സൂചനപ്രകാരം തന്റെ ഓമനപുത്രനെ സ്വകരങ്ങൾകൊണ്ട് ബലി കഴിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. വിവരം മകനെ അറിയച്ചപ്പോൾ ദൈവ പ്രവാചകന്റെ മകനും ദൈവദാസനുമായ പുത്രൻ സന്തോഷ പൂർവ്വം കത്തിക്ക് കഴുത്ത് കാണിച്ച് കൊടുത്തു ഉടൻ തന്നെ മുസ്ലിം (എല്ലാം അല്ലാഹുവിൽ അർപ്പിച്ചവൻ) എന്ന നാമം അന്വർത്ഥമാക്കിയിരിക്കുന്നുവെന്നും നിന്നെ ലോക നേതാവായി നിയോഗിക്കാൻ പോകുന്നുവെന്നും ദൈവം ഇബ്രാഹീമിനെ അറിയിച്ചു. ശേഷം അവിടെ താമസമാക്കിയ പുത്രൻ ഇസ്മായിലും പിതാവ് ഇബ്രാഹീമും കൂടി ആ പ്രദേശത്തിൽ ഒരു ദേവാലയം നിർമിച്ചു. കഅ്ബാ എന്ന പേരിലറിയപ്പെടുന്ന പ്രസിദ്ധ ദേവാലയമാണത്. മക്കയിലെ പ്രസ്തുത ദേവലായം കേവലം ഒരു ആരാധനലയം മാത്രമായിരുന്നില്ല. പ്രത്യുത അടിത്തറ ഇട്ട അന്ന് മുതൽ തന്നെ മനുഷ്യവർഗത്തോളം പഴക്കമുള്ള ഇസ്ലാംമതത്തിന്റെ കേന്ദ്രമായിരുന്നു പ്രസ്തുത ദേവാലയം. ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള മുസ്ലിംകൾ എല്ലാവരും അവിടെ ഒത്ത്ചേർന്ന് ഒരേ സ്വരത്തിൽ അല്ലാഹുവിനെ പ്രകീർത്തിക്കുകയും പ്രാർത്ഥിക്കുകയും ഇസ്ലാമിന്റെ സമ്പൂർണ്ണ സന്ദേശം ഉൾക്കൊള്ളുകയും നവചൈതന്യത്തോടെ അവരവരുടെ രാജ്യങ്ങളിൽ പോയി ഇസ്ലാമിക പ്രചരണം നടത്തുകയും ചെയ്യുക





എന്നതായിരുന്നു ഈ ദേവാലയ നിർമ്മാണ നാളുകളിൽ ഇബ്രാഹീം നബിയും പുത്രൻ ഇസ്മായിൽ നബിയും ഉദ്ദേശിച്ചത്. ഈ ഒത്തുചേരലിനാണ് ഹജ്ജ് എന്ന് പറയുന്നത്. തന്റെ ശേഷം ഇസ്ലാമിക സമൂഹത്തിന്റെ നേതൃത്വം മകൻ ഇസ്മായിൽ നബിയെ ഏൽപിച്ചെങ്കിലും പിൻതലമുറക്കാർ അൽപ നൂറ്റാണ്ടുകൾക്കുള്ളിൽ തന്നെ തങ്ങളുടെ പിതാക്കളുടെ അദ്ധ്യാപനങ്ങളും ദർശനങ്ങളും വിസ്മരിച്ചുകളഞ്ഞു. കാലക്രമേണ അറബികളിൽ അന്തവിശ്വാസങ്ങളും ദുരാചരങ്ങളും പ്രത്യക്ഷപ്പെട്ടു. ഏതൊരു പൂജാരി പൗരോഹിത്യത്തിനെതിരായി ഇബ്രാഹീം നബി പോരാടിയോ അതേ പൂജാരി പൗരോഹിത്യം തന്നെ തന്റെ സന്താന പരമ്പരകളിൽ കടന്നുകൂടി. ഈ ദുരവസ്ഥ സുമാർ രണ്ടായിരം കൊല്ലത്തോളം നീണ്ടു നിന്നു. അവസാനം ഇസ്മായീൽ നബിയുടെ സന്താന പരമ്പരകളിൽ മുഹമ്മദ് നബി ജാതനായി. ഇബ്രാഹീം നബി പ്രബോധനം ചെയ്ത വിശുദ്ധ ഇസ്ലാമിനെ അതിന്റെ സാക്ഷാൽ രൂപത്തിൽ വീണ്ടും മുഹമ്മദ് നബി(സ) ലോകത്ത് സ്ഥാപിച്ചു. അനന്തരം കഅ്ബയെ വീണ്ടും ലോക ഇസ്ലാമിക സമൂഹത്തിന്റെ കേന്ദ്രമാക്കുകയും ഹജ്ജിന്നായി നാനാഭാഗങ്ങളിൽ നിന്നും എത്തിച്ചേരേണ്ടത് നിർബന്ധമാക്കുകയും ചെയ്തു.

ഭയഭക്തി, സൗമ്യത, വിനയം, പാപവർജ്ജനം, ഭൗതിക സുഖവിരക്തി എന്നീ സൽഗുണങ്ങളുടെ വിളനിലമാക്കി ഹജ്ജ് ഹജ്ജിന്ന് പുറപ്പെടുന്നവർ പ്രത്യേക അതിർത്തികളിൽ എത്തുമ്പോൾ ഹജ്ജിന്റെ വസ്ത്രമായ വെള്ള മുണ്ടും വെള്ള പുതപ്പും ഒരു യൂണിഫോം പോലെ എല്ലാവരും ധരിക്കുവാൻ നിർബന്ധിതരാണ്. ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും അടയാളമായി കരുതപ്പെടുന്ന പ്രസ്തുത വസ്ത്രധാരണത്തിന്ന് ഇഹ്റാം കെട്ടുക

എന്ന് പറയപ്പെടുന്നു. ഈ ഇഹ്റാം കെട്ടുന്നതിലൂടെ അവൻ ഹജ്ജിൽ പ്രവേശിച്ച് കഴിഞ്ഞു. ലൗകിക സുഖങ്ങളും ദേഹേച്ചകളും കാമവികാരങ്ങളും ഉപേക്ഷിക്കണമെന്ന് അല്ലാഹു കൽപിച്ചു. കുബേര, കുചേല, ദേശ, ഭാഷ, വിത്യാസമില്ലാതെ എല്ലാവരും അല്ലാഹുവിന്റെ സന്നിധിയിൽ ആശ്രിതരും വിനീതരുമായി ഹാജരാവുക എന്നതാണ് ഇഹ്റാമിന്റെ ലക്ഷ്യം. ഇഹ്റാമോട് കൂടി പൂർണ നിർഭയത്വം മനുഷ്യന് അനുഭവപ്പെടുന്നു. കാരണം മനുഷ്യർ പരസ്പരം ഉപദ്രവിക്കാൻ പാടില്ല എന്നത് പോയിട്ട് മൃഗങ്ങളെപ്പോലും വേട്ടയാടുവാനോ പേടിപ്പിക്കുവാനോ പാടില്ല എന്നത് ഇഹ്റാമിന്റെ നിബന്ധനയാണ്. ഇതിലൂടെ മനുഷ്യരിൽ സമാധാനതൽപരത വളർത്തി മൃഗീയത്വം നശിപ്പിച്ച് ആത്മീയ ബോധം ഉണ്ടാക്കുന്നു. ഇഹ്റാം ഹജ്ജിന്റെ ആദ്യ ചടങ്ങാണ്. ഇഹ്റാം ചെയ്തവർ മക്കയിൽ പ്രവേശിക്കുന്നതോടെ ഹജ്ജിന്റെ മറ്റ് ചടങ്ങുകൾ തുടങ്ങുകയായി. കഅ്ബാ നിർമ്മാതാവ് ഇബ്രാഹീം നബി കഅ്ബാ നിർമ്മാണ ശേഷം ലോകത്തോട് വിളിച്ച് പറഞ്ഞു അല്ലാഹുവിന്റെ അടിമകളേ അല്ലാഹുവിന്റെ ഈപുണ്യ ഭവനത്തിലേക്ക് ഭൂമിയുടെ നാനാ ഭാഗത്ത് നിന്നും കാൽനടയായും വാഹനമാർഗമായും വന്ന്ചേരുവിൻ ഈ ക്ഷണത്തിന്ന് ഉത്തരമെന്നോണം ഒരോ ഹജ്ജ് യാത്രകാരനും ഇഹ്റാം കെട്ടിയതിന്ന് ശേഷം അടിയനിതാ ഹാജർ അല്ലാഹുവേ അടിയനിതാ ഹാജർ എന്ന് ഉച്ചത്തിൽ വിളിച്ച് പറഞ്ഞ്കൊണ്ടിരിക്കുന്നു. ഒരോ നമസ്കാരശേഷവും യാത്രകിടയിലും കയറ്റത്തിലും ഇറക്കത്തിലും ഹജ്ജ് യാത്രക്കാർ പരസ്പരം കണ്ടു മുട്ടുമ്പോഴും ഈ ശബ്ദം ഉയർന്ന് പൊങ്ങിക്കൊണ്ടിരിക്കും. 4500 വർഷങ്ങളുടെ നീണ്ട അകലം ഇല്ലാതായത് പോലെ അവന് തോന്നുന്നു. ഇപ്പോൾ ഇബ്രാഹീം നബി





ക്ഷണിക്കുന്നുവെന്നും ഞാൻ ഉത്തരം നൽകുന്നുവെന്നും തോന്നുന്ന ഒരവസ്ഥ സംജാതമാവുന്നു.

ചുരുക്കത്തിൽ അല്ലാഹുവിനോടുള്ള നിസ്സീമ സ്നേഹത്തിൽ മുഴുകി എല്ലാം മറന്ന് മുന്നോട്ട് നീങ്ങുന്ന അടിമ മക്കയിൽ ചെല്ലുന്നതോടെ ക്ഷണിക്കപ്പെട്ട രാജകൊട്ടാരത്തിന്റെ പടിവാതിലക്കലിൽ എത്തിയിരിക്കുന്നു. തുടർന്ന് രാജാവിനോടുള്ള ഭയ ഭക്തി ബഹുമാനങ്ങൾ പ്രദർശപ്പിക്കുന്നതിന്ന് വേണ്ടി രാജാകൊട്ടാരത്തിന്റെ ഉമ്മറക്കല്ല് (ഹജറുൽ അസ്‌വദ്) ചുംബിക്കുകയും വിശ്വാസാചാരങ്ങളുടേയും ആരാധനാ കർമ്മങ്ങളുടേയും കേന്ദ്രമായ കഅ്ബയെ ത്വവാഫ് (പ്രദിക്ഷണം) വെക്കുകയും ചെയ്യുന്നു. ഓരോ പ്രദിക്ഷണവും ഉമ്മറക്കല്ല് ചുംബിച്ചുകൊണ്ട് ആരംഭിക്കുകയും അതുകൊണ്ട്തന്നെ അവസാനിപ്പിക്കുകയും ചെയ്യുന്നു. ഉമ്മറക്കല്ല് ചുംബിക്കുന്നത് കല്ലിനോടുള്ള സ്നേഹ ബഹുമാനം കൊണ്ടല്ലെന്നും പ്രത്യുത കൊട്ടാര ഉടമയോടുള്ള സ്നേഹ ബഹുമാനംകൊണ്ടാണെന്നും പറയേണ്ടതില്ലല്ലോ. ഈ പ്രതിക്ഷണ ശേഷം മഖാമുഇബ്റാഹീം എന്ന സ്ഥലത്ത് രാജസന്നിധിയിൽ മുഖം കാണിക്കുന്നവനെ പോലെ രണ്ട് റക്അത്ത് നമസ്ക്കരിക്കുന്നു. പിന്നീടവർ സഫാ, മർവാ കുന്നുകൾക്കിടയിൽ പല പ്രാവശ്യം അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. തന്റെ യജമാനന് സേവനം ചെയ്യുവാനും അവന്റെ തൃപ്തി സമ്പാദിക്കാനും എത്ര കഠിനാധ്വാനവും ചെയ്യാൻ തയ്യാറാണെന്ന് അവൻ തെളിയിക്കുകയാണിതിലൂടെ. പണ്ട് ഒരിറക്ക് വെള്ളിത്തിന്നുവേണ്ടി ഈ കുന്നുകൾക്കിടയിൽ നെട്ടോട്ടമോടിയ ദുർബലയായ ഒരു മാതാവിന്റെ സ്മരണകൂടിയാണിത്. ഈ ഓട്ടത്തിന്നിടയിൽ ഇട

ക്കിടെ അവന്റെ നാവിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നു.

അല്ലാഹുവേ, നിന്റെ പ്രവാചകചര്യ അനുസരിച്ച് എന്നെ നയിക്കേണേ. ആ പ്രവാചകന്റെ മാർഗത്തിലായി എന്നെ മരിപ്പിക്കണമേ. ദുർമാർഗ്ഗ പ്രേരിതങ്ങളായ ആപത്തുകളിൽ നിന്ന് എന്നെ രക്ഷിക്കേണമേ ഇനി അവൻ അല്ലാഹുവിന്റെ സൈന്യത്തിലെ ഒരു യോദ്ധാവിനെപോലെ ഏതാനും ദിവസം വിവിധ സ്ഥലങ്ങളിൽ ക്യാമ്പു ചെയ്ത് ജീവിതം നയിക്കാൻ പോവുകയാണ്. ഒരു ദിവസം മിനാ എന്ന സ്ഥലത്ത് താവളം മുറപ്പിച്ചാൽ അടുത്ത ദിവസം അറഫാ എന്ന സ്ഥലത്താണ് ക്യാമ്പ്. അവിടെ വെച്ച് ഇസ്‌ലാമിക നേതൃത്വത്തിന്റെ പ്രസംഗം കേൾക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. പിറ്റേ ദിവസം പ്രഭാതത്തിൽ വീണ്ടും അവൻ മിനായിൽ എത്തുന്നു. തുടർന്ന് പണ്ട് കഅ്ബയെ നശിപ്പിക്കാൻ പുറപ്പെട്ട ആനപ്പടയെ അല്ലാഹു പിന്തിരിപ്പിച്ച സ്ഥലത്ത് സ്ഥാപിക്കപ്പെട്ട അടയാളത്തിനു നേരെ കല്ലെറിയുന്നു. ഓരോ കല്ലെറിയുമ്പോഴും ആ യോദ്ധാവ് പറയുന്നു

അല്ലാഹു ഏറ്റവും വലിയവൻ. പിശാചിനെയും അവന്റെ സൈന്യത്തേയും നിന്ദിച്ചുകൊണ്ടും, അല്ലാഹുവേ അവിടത്തെ ഗ്രന്ഥത്തിൽ വിശ്വസിച്ചുകൊണ്ടും, പ്രവാചകചര്യകൾ പിന്തുടർന്നുകൊണ്ടുമാണ് ഞാനീ കല്ലെറിയുന്നത് . അല്ലാഹുവിന്റെ ദീനിനെ നിന്ദിക്കുവാനും അവന്റെ ചിഹ്നങ്ങളെ നശിപ്പിക്കാനും തയ്യാറാവുന്നവർക്കെതിരിൽ ഇങ്ങനെ പൊരുതുമെന്ന് പ്രഖ്യാപിക്കുകയാണ് അവൻ ചെയ്യുന്നത്. തുടർന്ന് തന്റെ പുത്രനെ ദൈവമാർഗ്ഗത്തിൽ ബലികൊടുക്കാൻ തയ്യാറായ പ്രവാചകൻ ഇബ്രാഹീമിന്റെ സ്മരണ പുതുക്കികൊണ്ടും വേണ്ടിവന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്തും ത്യജിക്കുവാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച്കൊണ്ടും അവിടെ വെച്ചവൻ മൃഗബലി നടത്തുന്നു. ശേഷം തലമുടി പൂർണ്ണമായൊ അല്ലങ്കിൽ ഭാഗികമായൊ നീക്കം ചെയ്തുകൊണ്ട് ഹജ്ജിൽ നിന്ന് വിരമിക്കാൻ തുടങ്ങുന്നു. കർത്തവ്യ നിർവ്വഹണത്തിന്ന് ശേഷം സന്തുഷ്ടരായ പട്ടാളക്കാരനെപോലെ അവർ വീണ്ടും കേന്ദ്രത്തിലേക്ക് അഥവാ കഅ്ബത്തിങ്കലേക്ക് തിരിച്ചുവരുന്നു. തുടർന്ന് കഅ്ബ പ്രദിക്ഷണവും രണ്ട് റകഅത്തു നമസ്ക്കാരവും നിർവ്വഹിച്ചുകൊണ്ട് വീണ്ടും അവൻ മിന എന്ന സ്ഥലത്തേക്ക് മടങ്ങി രാത്രി അവിടെ താവളം ഉറപ്പിക്കുകയും പിറ്റെ ദിവസം ജംറാത്ത് എന്നു പറയുപ്പെടുന്നിടത്ത് മൂന്ന് പ്രാവശ്യം കല്ലേറ് നടത്തുകയും ചെയ്യുന്നു. ഇതിന്ന് ശേഷം ഹാജി (ഹജ്ജ് ചെയ്തവൻ) കഅ്ബത്തിങ്കലേക്ക് മടങ്ങി ഒരിക്കൽകൂടി ഏഴു പ്രാവശ്യം കഅ്ബ പ്രതിക്ഷണം നടത്തുന്നു. ഇതോടെ അവന്റെ ഹജ്ജ് പൂർണ്ണമായി. ഇപ്രകാരം ഹജ്ജ്കർമ്മം അനുഷ്ടിച്ച ഹാജിയെ സംബന്ധിച്ച് പ്രവാചകൻ മുഹമ്മദ് നബി പറഞ്ഞത് ഇപ്പോൾ പ്രസവിച്ച നവജാത ശിശുവിനെ പോലെ നിർമ്മലനും പാവമുക്തനും ആയിരിക്കു മെന്നാണ്.





*

Printed and Published by **Sathya Sarani,**
PB. No. 23, Manjeri - 676 121